## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.716.** **13.06.2012-ൽ മറുപടിയ്ക്ക്**

### വൈപ്പിൻ മണ്ഡലത്തിലെ സർക്കാർ ആശുപത്രികളിൽ ഡോക്ടർമാരുടെയും പാരാമെഡിക്കൽ ജീവനക്കാരുടെയും അഭാവം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എസ്. ശർമ്മ | | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) | |
| (എ) | വൈപ്പിൻ മണ്ഡലത്തിലെ സർക്കാർ ആശുപത്രികളിൽ ഡോക്ടർമാരുടെയും പാരാമെഡിക്കൽ ജീവനക്കാരുടെയും അഭാവം മൂലം സാധാരണക്കാർക്ക് ചികിത്സാ സഹായം ലഭ്യമാക്കുന്നതിന് തടസ്സം നേരിടുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) & (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | ഉണ്ടെങ്കിൽ ഇത്തരം അവസ്ഥാ വിശേഷം നേരിടുവാൻ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ; | | |

| | | | |
|---|---|---|---|
| (സി) | വൈപ്പിൻ മണ്ഡലത്തിലെ ഓരോ സർക്കാർ ആശുപത്രികളിലെയും പ്രൈമറി ഹെൽത്ത് സെന്ററുകളിലെയും ഡോക്ടർമാരുടെയും പാരാമെഡിക്കൽ ജീവനക്കാരുടെയും എത്ര തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുവെന്ന് വ്യക്തമാക്കാമോ; | (സി) | ഗവൺമെന്റ് ആശുപത്രി ഞാറയ്ക്കലിൽ അസിസ്റ്റന്റ് സർജന്റേയും സാമൂഹ്യ ആരോഗ്യകേന്ദ്രം മാലിപ്പുറത്തിൽ സിവിൽ സർജന്റെയും ഓരോ തസ്തികകൾ വീതം ഒഴിഞ്ഞു കിടക്കുന്നു. ഗവൺമെന്റ് ആശുപത്രി ഞാറയ്ക്കലിൽ ഒരു ലാബ്ടെക്നീഷ്യന്റെ ഒഴിവും നിലവിലുണ്ട്. |
| (ഡി) | ഒഴിവുള്ള തസ്തികകളിലെ നിയമനം എന്നത്തേക്ക് നികത്താനാകുമെന്ന് വ്യക്തമാക്കാമോ? | (ഡി) | ഡിപ്പാർട്ട്മെന്റ് പ്രമോഷൻ കമ്മിറ്റിയുടെ ശുപാർശ ലഭിക്കുന്ന മുറയ്ക്ക് സിവിൽ സർജന്റെ തസ്തികയിലെ ഒഴിവുകൾ നികത്തുന്നതിന് നടപടികൾ സ്വീകരിയ്ക്കാവുന്നതാണ്. അസിസ്റ്റന്റ് സർജൻ ലാബ് ടെക്നീഷ്യൻ എന്നീ തസ്തികയിലെ ഒഴിവുകൾ പി.എസ്.സിയിൽ നിന്ന് നിയമനം നിർദ്ദേശം ലഭിയ്ക്കുന്ന മുറയ്ക്ക് നികത്തുന്ന കാര്യം പരിഗണിയ്ക്കുന്നതാണ്. |

B.V.Kumar

സെക്ഷൻ ഓഫീസർ